പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5600

04.07.2013 ലെ മറുപടിയ്ക്ക്

## ടൂറിസം മാർക്കറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി<br>പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) 2012 - 13 സാമ്പത്തിക വർഷത്തിൽ ടൂറിസം മാർക്കറ്റിംഗിന് അനുവദിച്ചിരുന്ന 40 കോടി രൂപ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചുവെന്ന് വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ;<br><br>ബി) 2013-14 സാമ്പത്തിക വർഷം ടൂറിസം മാർക്കറ്റിംഗിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | എ) & ബി) അന്താരാഷ്ട്ര വ്യാപാര മേളകൾ, റോഡ് ഷോകൾ, ദേശീയ വ്യാപാര മേളകൾ, വിവിധ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫെയ്സ് ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ വഴിയുള്ള പരസ്യങ്ങൾ, ടൂറിസം രംഗത്തു പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ വഴി നടത്തപ്പെട്ട വിവിധ പരിപാടികൾക്ക് നൽകിയ ധനസഹായങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് 2012-13 സാമ്പത്തിക വർഷത്തിൽ ടൂറിസം മാർക്കറ്റിംഗിന് അനുവദിച്ചിരുന്ന 40 കോടി രൂപ ചെലവഴിച്ചത്. 2012-13 സാമ്പത്തിക വർഷത്തിലേതു പോലെ മുകളിൽ വിവരിച്ചതു പ്രകാരമുള്ള പ്രവർത്തനങ്ങളും സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പ്രവർത്തനങ്ങളും 2013-14 സാമ്പത്തിക വർഷത്തിൽ ടൂറിസം മാർക്കറ്റിംഗിന്റെ ഭാഗമായി നടത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ